മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 15

# വാർത്താക്കുറിപ്പ് 2

---

*എം.ജി. സർവകലാശാലാ കാന്പസ് ഫിറ്റ്നസ് ഡ്രൈവിന് തുടക്കം*

## കായികക്ഷമത ഉറപ്പാക്കുന്ന പരിപാടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കും- മന്ത്രി ഡോ. ആർ. ബിന്ദു

എല്ലാ വിദ്യാർഥികൾക്കും കായിക ക്ഷമത ഉറപ്പാക്കുന്ന പരിപാടി പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടപ്പാക്കുന്ന കാമ്പസ് ഫിറ്റ്നസ് ഡ്രൈവിന്റെ ഉദ്ഘാടനം പാലാ സെന്റ് തോമസ് കോളജിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

അടുത്ത വർഷം കരിക്കുലം ഫ്രെയിം വർക്കിൽ ഇത്തരമൊരു പരിപാടി ഉൾപ്പെടുത്തുന്നതിന് എല്ലാവരുടെയും പിന്തുണ വേണ്ടതുണ്ട്. കായിക ക്ഷമത ഉറപ്പാക്കാനായാൽ കായികശേഷി ക്രിയാത്മകമായി വിനിയോഗിക്കുന്നതിന് വിദ്യാർഥികൾ പ്രാപ്തരാകും. ഇതിനുള്ള മാതൃകാ പദ്ധതിയാണ് മഹാത്മാ ഗാന്ധി സർവകലാശാലാ ദീർഘവീക്ഷണത്തോടെ തുടക്കം കുറിച്ചിരിക്കുന്ന കാന്പസ് ഫിറ്റ്നസ് ഡ്രൈവ്-മന്ത്രി വിലയിരുത്തി.

നാളെ നാടിനെ നയിക്കേണ്ട തലമുറയുടെ മാനസിക, ശാരീക ആരോഗ്യം ഉറപ്പാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. കോളജ് തലത്തില് എത്തുന്പോൾ കായിക മേഖലയില് സജീവമായവർ ഒഴികെയുള്ള വിദ്യാർഥികള് കായിക്ഷമതയുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്താറില്ല. ഈ സ്ഥിതിയിൽ മാറ്റം വരേണ്ടതുണ്ട്.

ലഹരി ഉൾപ്പെടെയുള്ള സാമൂഹിക വിപത്തുകളെ ചെറുക്കുന്നതിനുള്ള മാർഗങ്ങളിലൊന്നാണ് കായിക ക്ഷമത ഉറപ്പാക്കുന്നതിനുള്ള നടപടികള്. അതുവഴി ആരോഗ്യകരമായ കാഴ്ച്ചപ്പാടുകളും പരസ്പര ബഹുമാനവും പരിപോഷിപ്പിക്കാൻ സാധിക്കും-മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ മാണി സി. കാപ്പൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ആമുഖ പ്രഭാഷണം നിർവഹിച്ചു.

സർവകലാശാലാ പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര, സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ, ജോയിന്റ് രജിസ്ട്രാർ ബാബുരാജ് വാര്യര്, സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ. ജെയിംസ് ജോൺ, സർവകലാശാലാ സെനറ്റ് അംഗം ജോജി അലക്സ്, സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് സയൻസസ് ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ്, ഡോ. തങ്കച്ചൻ മാത്യു, ഡോ. വിനീത് കുമാർ തുടങ്ങിയവർ സംസാരിച്ചു.

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത എല്ലാ കോളജുകളിലും കാമ്പസ് ഫിറ്റ്നസ് ഡ്രൈവ് നടപ്പാക്കും. ഇതിന്റെ ഭാഗമായി വിദ്യാർഥികളിൽ കായികക്ഷമതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കും. സർവകലാശാലയിൽ നിന്ന് ബിരുദം നേടുന്ന എല്ലാ വിദ്യാർഥികളും കാമ്പസ് ഫിറ്റ്നസ് ഡ്രൈവിലൂടെ കടന്നുപോകുന്ന രീതിയിലാണ് ക്രമീകരണം.

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

2023 ജനുവരി ആറിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.ആർക്ക് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 21 വരെ അപേക്ഷ നൽകാം.

പിഴയോടെ ഡിസംബർ 22 നും സൂപ്പർ ഫൈനോടെ 23 നും അപേക്ഷ സ്വീകരിക്കും. റഗുലർ വിദ്യാർഥകളും വീണ്ടും എഴുതുന്നവരും ഒരു പേപ്പറിന് 50 രൂപ നിരക്കിൽ (പരമാവധി 300 രൂപ) സി.വി ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനോടൊപ്പം അടയ്ക്കണം.

## പ്രാക്ടിക്കൽ

ഈ വർഷം മെയ് മുതൽ ഓഗസ്റ്റ് വരെ നടന്ന ഒന്നു മുതൽ എട്ടു വരെ സെമസ്റ്ററുകൾ ബി.ടെക് ഇൻഫർമേഷൻ ടെക്നോളജി എഞ്ചിനീയറിംഗ് (പഴയി സ്കീം - 1997 മുതൽ 2009 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 21,22 തീയതികളിൽ തൊടുപുഴ, മുട്ടം, യു.സി.ഇ. യിൽ വച്ച് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ. (പി.ആർ.ഒ./39/1 748/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**